പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ പദ്ധതി നടത്തിപ്പിലുണ്ടായ സാമ്പത്തിക ക്രമക്കേടുകൾ

129 [1815] ശ്രീ. കോവൂർ കുഞ്ഞുമോൻ:
" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം ക്രമക്കേടുകളുടെ പേരിലാണ് നടപടിയെന്നും വിശദമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്; ഓരോ പരിശോധനയിലും ഏതൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഓരോ ക്രമക്കേടിലും എത്ര പേർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തു എന്നും വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ ശിപാർശ പ്രകാരം പ്രസ്തുത ക്രമക്കേടുകളിൻമേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ച് പട്ടികജാതി വികസനവകുപ്പിൽ 23 ഉദ്യോഗസ്ഥൻമാർക്കെതിരെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 8 ഉദ്യോഗസ്ഥൻമാർക്കെതിരെയും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം †അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ 27 പ്രാവശ്യവും സാമ്പത്തിക വർഷാന്ത്യം ക്രമവിരുദ്ധമായി ട്രഷറിയിൽനിന്നും പണം പിൻവലിച്ച് സൂക്ഷിച്ചതിന് ടി വകുപ്പിന്റെ 41 ആഫീസുകളിലും പരിശോധന നടത്തിയിട്ടുണ്ട്. സാമ്പത്തിക തിരിമറിക്ക് ഒരു സ്റ്റ്യൂവാർഡ്, ഐ.ടി.സി. കലാമേള സംബന്ധിച്ചുള്ള സാമ്പത്തിക ക്രമക്കേടിന് ജോയിന്റ് ഡയറക്ടർ, സർക്കാർ പണത്തിൽ കുറവ് കണ്ടതിന് ഒരു പ്രോജക്ട് ഓഫീസർ, ഒരു ക്ലാർക്ക് എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സാമ്പത്തിക വർഷാന്ത്യം ട്രഷറിയിൽ നിന്നും ക്രമവിരുദ്ധമായി പണം പിൻവലിച്ച് സൂക്ഷിച്ചതിന് 18 പേർക്കെതിരെയും നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യ വകുപ്പിന്റെ ശിപാർശ പ്രകാരം പ്രസ്തുത ക്രമക്കേടുകളു മായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൊല്ലപ്പെട്ട ആദിവാസി ജോഗിയുടെ ആശ്രിതർക്ക് സർക്കാർ നിയമനം

130 [1816] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുത്തങ്ങയിൽ ആദിവാസി സമരത്തെത്തുടർന്ന് കൊല്ലപ്പെട്ട ജോഗിയുടെ കുടുംബത്തിലാർക്കെങ്കിലും സർക്കാർ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിഗണനയിലില്ല.

തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി

131 [1818] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ/ആദിവാസി കോളനികളിൽ 2001 ജൂൺ മുതൽ 2003 ഡിസംബർ വരെ എന്തൊക്കെ വികസന പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാ ക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ നടപ്പിലാക്കിക്കഴിഞ്ഞു എന്ന് അറിയിക്കാമോ;

(സി) മലയോര-കുടിയേറ്റ മേഖലയായ തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ആദിവാസി കോളനികളിലെ വികസന പ്രവർത്തനങ്ങൾ

(i) കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ് കോളനിയിൽ 19 വീടുകളുടെ വയ റിംഗിനായി 1000 രൂപ നിരക്കിൽ 19000 രൂപ അനുവദിച്ചു.

(ii) പുതുപ്പാടി പഞ്ചായത്തിലെ പയോണ കോളനിയിൽ കിണർ നിർമ്മിക്കുന്ന തിനുവേണ്ടി 36,797 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly